മദ്യപാനം പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പരസ്യങ്ങളുടെ നിരോധനം

103 (4159) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യപാനം പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പരസ്യങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം നൽകുമോ ;

(ബി) മദ്യപാനം പ്രോത്സാഹിപ്പിക്കും വിധത്തിൽ അതിന് മാന്യത നൽകിക്കൊണ്ടുള്ള രംഗങ്ങൾ ഉൾപ്പെടുത്തിയ പരിപാടികൾ ദൃശ്യമാധ്യമങ്ങളിൽ നിരന്തരം പ്രക്ഷേപണം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അത് നിരുത്സാഹപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. പ്രൊഹിബിഷൻ ആക്ട് 1950, സെക്ഷൻ 11 പ്രകാരം നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായി നടപടി സ്വീകരിക്കുന്നതാണ്.

ലഹരിയുൽപ്പന്നങ്ങൾ വിൽക്കുന്നത് ശിക്ഷാർഹമാണ് എന്ന മുന്നറിയിപ്പ്

104 (4160) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 18 വയസ്സിന് താഴെ പ്രായമുള്ളവർക്ക് ലഹരിയുൽപ്പന്നങ്ങൾ വിൽക്കുന്നത് ശിക്ഷാർഹമാണ് എന്ന മുന്നറിയിപ്പ് നിർബന്ധമായും വിൽപ്പന ശാലകൾക്ക് മുന്നിൽ പ്രദർശിപ്പിച്ചിരിക്കണം എന്ന നിയമമുണ്ടോ ;

(ബി) 18 വയസ്സിന് താഴെ പ്രായമുള്ളവർക്ക് ലഹരിയുൽപ്പന്നങ്ങൾ വിൽക്കുവാൻ പാടില്ലായെന്ന നിയമം പ്രാബല്യത്തിൽ ഉണ്ടോ ;

(സി) എങ്കിൽ ഇതുവരെ ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരം എത്ര കേസുകൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) കേസ്സുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly